ഹദീസ്

സുബൈർ കുന്ദമംഗലം

# വിനയാന്വിതരാവൂ, ഉയരങ്ങളിലെത്താം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: مَا نَقَصَتْ صَدَقَةٌ مِنْ مَالٍ، وَمَا زَادَ اللَّهُ عَبْدًا بِعَفْوٍ إِلَّا عِزًّا وَمَا تَوَاضَعَ أَحَدٌ لِلَّهِ إِلَّا رَفَعَهُ اللَّهُ تَعَالَى (مسلم)

**അബൂഹുറയ്റ(റ)യിൽനിന്ന്: നബി (സ) പറഞ്ഞു: ''ദാനം സമ്പത്ത് കുറക്കുകയില്ല. വിട്ടുവീഴ്ച കാരണം അല്ലാഹു അടിമക്ക് അന്തസ്സ് അധികരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. അല്ലാഹുവിനു വേണ്ടി വിനയം കാണിക്കുന്നവനെ അവൻ ഉന്നതങ്ങളിൽ എത്തിക്കാതിരിക്കില്ല'' (മുസ്‌ലിം).**

സത്യവിശ്വാസികൾ ആർജിക്കേണ്ട മൂന്ന് സവിശേഷ ഗുണങ്ങളാണ് ഈ ഹദീസിൽ സൂചിപ്പിച്ചിട്ടുള്ളത്; പരസഹായം, വിട്ടുവീഴ്ച, വിനയം. വിനയവും വിട്ടുവീഴ്ചയും ശ്രേഷ്ഠ ഗുണങ്ങളായി എണ്ണിയ ഇസ്‌ലാം അഹങ്കാരികളെ കണക്കിന് താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്. വിനയാന്വിതനാകുന്നതോടെ ഒരാൾ പടച്ചവന്റെയും പടപ്പുകളുടെയും മുന്നിൽ ചെറുതാവുകയല്ല, മഹാനാവുകയാണ് ചെയ്യുന്നത്. 'പരസ്പരം വിനയം കാണിക്കണമെന്നും അഹന്ത നടിക്കരുതെന്നും ആരും ആരോടും അതിക്രമം കാട്ടരുതെന്നും അല്ലാഹു എനിക്ക് ഉദ്ബോധനം നൽകിയിരിക്കുന്നു' (മുസ്‌ലിം).

വിനയത്തിന്റെയും വിട്ടുവീഴ്ചയുടെയും മഹിത മാതൃകയാണ് ദൈവദൂതന്റെ ജീവിതം. കുട്ടികൾ കളിക്കുന്നതു കണ്ടാൽ നബി (സ) അത് നോക്കി നിൽക്കും. കുട്ടികളോട് പുഞ്ചിരിക്കുകയും സലാം പറയുകയും ചെയ്യും. പ്രവാചകത്വമെന്ന മഹത്തായ പദവി അതിനൊന്നും തിരുദൂതന് തടസ്സമായില്ല. ഒരിക്കൽ അനസ് (റ) കുട്ടികളുടെ അരികിലൂടെ നടന്നുപോകവെ, അവരോട് സലാം പറഞ്ഞു. അദ്ദേഹം പറയുന്നു: 'നബി (സ) അപ്രകാരം ചെയ്യാറുണ്ടായിരുന്നു' (ബുഖാരി, മുസ്‌ലിം).

അനുയായികളോട് വിനയം കാണിക്കണമെന്ന് ഖുർആൻ പ്രവാചകനോട് കൽപിച്ചു: ''നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക'' (*അശ്ശുഅറാഅ്* 215), ''നീ ഭൂമിയിൽ അഹങ്കാരത്തോടെ നടക്കരുത്'' (*അൽ ഇസ്റാഅ്* 37). വിനയാന്വിതരായ ദാസന്മാരെ അല്ലാഹു പുകഴ്ത്തുന്നു: ''സത്യവിശ്വാസികളേ, നിങ്ങളിൽ ആരെങ്കിലും തന്റെ മതത്തിൽനിന്ന് പിന്തിരിഞ്ഞു കളയുന്ന പക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജനവിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്. അവർ വിശ്വാസികളോട് വിനയം കാണിക്കുന്നവരും സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരിക്കും'' (*അൽമാഇദ* 54).

വിനീത ദാസന്മാരുടെ പ്രതിഫലത്തെക്കുറിച്ച് അല്ലാഹു പറയുന്നു: ''ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കുമാകുന്നു ആ പാരത്രിക ഭവനം നാം ഏർപ്പെടുത്തിക്കൊടുക്കുന്നത്'' (*അൽഖസ്വസ്* 83). വിനയത്തിന്റെ എതിർ വികാരമായ അഹങ്കാരത്തിൽനിന്ന് അകന്നുനിൽക്കാൻ ആഹ്വാനം ചെയ്യുന്ന നിരവധി പ്രവാചക വചനങ്ങളുണ്ട്. 'അന്ത്യനാളിൽ മൂന്ന് വിഭാഗത്തോട് അല്ലാഹു സംസാരിക്കുകയോ അവരെ സംസ്കരിക്കുകയോ അവരുടെ നേരെ നോക്കുകയോ ചെയ്യില്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്. വ്യഭിചരിക്കുന്ന വിവാഹിതൻ, കള്ളം പറയുന്ന രാജാവ്, അഹങ്കാരിയായ കുടുംബനാഥൻ' (അബൂദാവൂദ്).

ഇസ്‌ലാമിന്റെ മതവിധികൾ നേരിൽ കണ്ട് പഠിക്കുന്നതിനു വേണ്ടി തമീമുബ്നു ഉസൈദ് മദീനയിലെത്തി. ഇസ്‌ലാമിക സാമ്രാജ്യത്തിന്റെ അമരക്കാരനായ പ്രവാചകനെ അഭിമുഖീകരിക്കുന്നതിൽനിന്ന് തന്നെ വിലക്കുന്ന ആരെയും അദ്ദേഹം അവിടെ കണ്ടില്ല. നബി (സ) ജുമുഅ ഖുത്ബ നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. തമീം തിരുദൂതരെ അഭിമുഖീകരിച്ച് തന്റെ സംശയങ്ങൾ ഒന്നൊന്നായി ഉന്നയിച്ചു. പ്രവാചകൻ മിമ്പറിൽനിന്നിറങ്ങി തമീമിന്റെ ചാരത്ത് വന്നിരുന്നു. അയാളുടെ സംശയങ്ങൾ നിവർത്തിച്ച ശേഷം മിമ്പറിലേക്ക് മടങ്ങിച്ചെന്ന് ഖുത്ബ അവസാനിപ്പിച്ചു.

തിരുദൂതർ അനുചരന്മാർക്കിടയിൽ വിനയവും വിട്ടുവീഴ്ചയും നട്ടുവളർത്തി. മക്കാ വിജയവേളയിൽ ലോകത്തിന് മാതൃകയാകുംവിധം അവിടുന്ന് വിട്ടുവീഴ്ചയുടെ പര്യായമായി. ബദ്ധവൈരികൾക്കും പിതൃവ്യപുത്രൻ ഹംസയെ കൊന്ന് കരൾ ചവച്ചു തുപ്പിയവർക്കും വരെ കരുണാസാഗരമായ പ്രവാചകൻ മാപ്പു നൽകി. ●